പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6712 | 10.07.2014-ൽ മറുപടിക്ക് |

## മാനസികാരോഗ്യനയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. എ. വാഹീദ്<br>" ഹൈബി ഈഡൻ<br>" പി. എ. മാധവൻ<br>" ആർ. സെൽവരാജ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് മാനസിക ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ യെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് മാനസികാരോഗ്യ നയം രൂപീകരിച്ചിട്ടുണ്ട് |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മൂലം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. |
| സി) | പ്രസ്തുത നയത്തിന്റെ പ്രധാന വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | സി) | മാനസികാരോഗ്യ ചികിത്സാ രംഗത്തിന്റെ ഒരു ചരിത്രാവലോകനം, സംസ്ഥാനത്തെ ചികിത്സാ രംഗങ്ങളെപ്പറ്റി കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവിധ റിപ്പോർട്ടുകളുടെ അവലോകനം, സംസ്ഥാന മാനസികാരോഗ്യ മേഖല ആസൂത്രണവും പരിപാടിയും നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട ദീർഘകാല ലക്ഷ്യങ്ങളും താൽക്കാലിക ലക്ഷ്യങ്ങളും, നിലവിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും സേവനത്തിൽ വരുത്തേണ്ട മാറ്റങ്ങളും, മാനസികാരോഗ്യ രംഗം ആസൂത്രണം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട തത്വങ്ങൾ, മാനസികാരോഗ്യ പരിപാടികൾ നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട സമീപനം, വിവിധ മേഖലകളുമായുള്ള സഹകരണവും ക്രോഡീകരണവും, മാനസികാരോഗ്യ ചികിത്സാരംഗത്തെ ഗവേഷണം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവയാണ് ഈ പോളിസിയിൽ വിശദീകരിച്ചിട്ടുള്ളത്.<br>മാനസികാരോഗ്യ ചികിത്സാ രംഗത്തെ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ നിന്നും വികേന്ദ്രീകരിച്ച് രോഗിയുടെ കുടുംബ-സാമൂഹിക അന്തരീക്ഷത്തിൽ വെച്ച്തന്നെ ചികിത്സിച്ച് ഭേദമാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | അവിടങ്ങളിൽതന്നെ പുനരധിവസിപ്പിക്കുന്നതിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു മാനസികാരോഗ്യ നയമാണ് പുതുതായി വിഭാവനം ചെയ്തിട്ടുള്ളത്. മാനസിക രോഗ ചികിത്സയെ ഒരു പ്രത്യേക ചികിത്സയായി കാണുന്നതിന് പകരം പൊതു ചികിത്സാ രീതിയുടെ ഭാഗമായി മാറ്റുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാനസികാരോഗ്യ ചികിത്സാ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പല പ്രതിസന്ധി കളും പരിഹരിക്കുവാൻ പുതുതായി രൂപീകരിച്ച മാനസികാരോഗ്യ നയം നടപ്പിലാക്കുക വഴി സാധിക്കും. |
| ഡി) | പ്രസ്തുത നയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വെളിപ്പെടുത്താമോ ? | ഡി) | സ.ഉ(അച്ചടി) നം. 206/2013/ആ.കു.വ തീയതി 2805 2013 പ്രകാരം മാനസികാരോഗ്യനയം കാലോചിതമായി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു...). |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

**ദീർഘകാല ലക്ഷ്യങ്ങൾ**

a) മനോവൈകല്യം ബാധിച്ച എല്ലാവർക്കും ചികിത്സ കിട്ടത്തക്കവിധം ആശുപത്രി അധിഷ്ഠിതവും സാമൂഹ്യാടിസ്ഥാനത്തിലുള്ളതുമായ സൗകര്യങ്ങളെല്ലാം പരമാവധി പ്രയോജനപ്പെടുത്തിയും വൈവിദ്ധ്യങ്ങളെയാകെ സമന്വയിപ്പിച്ചുകൊണ്ടും ബഹുമുഖമായ പ്രവർത്തനമേഖലകൾ ഉൾക്കൊള്ളുന്നതുമായ ഒരു മാനസികാരോഗ്യപരിപാടി വികസിപ്പിച്ചെടുക്കണം.

b) മനോരോഗങ്ങൾ ബാധിച്ചവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ജീവിത നിലവാരം മെച്ചപ്പെടുത്താൻ പര്യാപ്തമായ വിധത്തിൽ ചെലവു കുറഞ്ഞതും ഫലപ്രദവുമായ ചികിത്സാരീതികൾ ഉറപ്പാക്കണം.

c) പ്രത്യേക പരിഗണനയും വൈദ്യസേവനവും അർഹിക്കുന്ന വിഭാഗത്തിൽപ്പെടുന്നവരേയും മാനസിക സംഘർഷങ്ങളുള്ളവരേയും വേർതിരിച്ചറിയണം. ആത്മഹത്യാപ്രവണത, മദ്യമയക്കുമരുന്നുകളുടെ ഉപയോഗം, തുടങ്ങിയവ തടയുവാനുള്ള പ്രവർത്തനങ്ങളും മദ്യമയക്കുമരുന്നുകളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവരെ ചികിത്സിച്ച് ജീവിതത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ ആവശ്യമായ ചികിത്സാ പുനരധിവാസ സൗകര്യങ്ങളും ആവശ്യാനുസൃതം ലഭ്യമാക്കേണ്ടതുണ്ട്

d) ആധുനികവൽക്കരണത്തിന്റെ ഫലമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യാവിതരണ വ്യതിയാനങ്ങൾ ഇതര സാമൂഹ്യമാറ്റങ്ങളുമായി ബന്ധപ്പെട്ട പിരിമുറുക്കങ്ങൾ, മാനസിക പ്രശ്നങ്ങൾ എന്നിവയെല്ലാം വേർതിരിച്ചറിഞ്ഞ് ഇവയുമായിട്ടെല്ലാം പൊരുത്തപ്പെട്ടുപോകാൻ പറ്റിയതരത്തിൽ മനുഷ്യമനസ്സുകളെ സജ്ജമാക്കാനുതകുന്ന ജീവിത നിപുണതാ പരിശീലനം ഉൾപ്പെടെയുള്ള ബോധവൽക്കരണ വിദ്യാഭ്യാസപരിപാടികൾക്ക് രൂപം നൽകണം.

e) സാധാരണയായി കണ്ടുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങളെ ഫലപ്രദമായി ചികിത്സിച്ചു ഭേദമാക്കുവാനും പ്രതിരോധിക്കുവാനും ആധുനിക വൈദ്യശാസ്ത്ര ബിരുദ വിദ്യാർത്ഥികളെയും ഇതര വൈദ്യശാസ്ത്ര ചികിത്സാ മേഖലകളിലെ ബിരുദവിദ്യാർത്ഥികളെയും പ്രാപ്തരാക്കത്തക്കരീതിയിൽ വൈദ്യശാസ്ത്ര വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കരിക്കണം.

f) മനോരോഗ ചികിത്സാരംഗത്ത് സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സൈക്യാട്രിക് നേഴ്സ് തുടങ്ങിയ കൂടുതൽ വിദഗ്ധരെ പരിശീലിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

g) പ്രൈമറി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ മനോരോഗ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും, ലഭ്യമായവയെ വിപുലീകരിക്കുകയും ചെയ്തശേഷം മാനസികാരോഗ്യകേന്ദ്രങ്ങളെയും, മെഡിക്കൽ കോളേജ് മനോരോഗചികിത്സാ വിഭാഗത്തെയും റഫറൽ സെന്ററുകളാക്കി ഉയർത്തണം.

h) ഓരോ 10 വർഷം കൂടുംതോറും മനോരോഗ ചികിത്സാരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് മുൻഗണനകൊടുക്കേണ്ട വിഷയങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## താൽക്കാലിക ലക്ഷ്യങ്ങൾ

1. മാനസികാരോഗ്യവിഭാഗത്തെ നിലവിലുള്ള പൊതുജനാരോഗ്യ വകുപ്പിന്റെ പ്രവർത്തനശൃംഖലയുമായി ഇണക്കി അതിന്റെ പ്രവർത്തനരീതി വികേന്ദ്രീകരിക്കണം.
2. നമ്മുടെ സംസ്കാരവുമായി ഇണങ്ങിപ്പോകുന്നതും ചെലവുകുറഞ്ഞതുമായ ഒരു പ്രവർത്തനമാതൃക വികസിപ്പിച്ചെടുക്കണം.
3. മനോരോഗം വന്നാൽ വൈദ്യസഹായം തേടുകയെന്ന ശീലം വളർത്തിയെടുക്കുന്നതിലേയ്ക്ക് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
4. മാനസികാരോഗ്യ ചികിത്സാപദ്ധതിയിലൂടെ ഉപഭോക്തൃസംഘടനകൾ ഉണ്ടാക്കി പ്രവർത്തന ശൃംഖലയിൽ അവരുടെ സേവനങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകണം. രോഗികളുടെയും ബന്ധുക്കളുടെയും സ്വയം സഹായക സംഘങ്ങൾ താലൂക്ക് തലത്തിൽ രൂപീകരിക്കണം.
5. മാനസികാരോഗ്യവിഭാഗത്തിന്റെ ഭരണച്ചുമതല പഞ്ചായത്തിരാജ് സമ്പ്രദായവുമായി പൊരുത്തപ്പെടുന്ന വിധത്തിൽ രൂപകല്പന ചെയ്യണം.
6. നിത്യജീവിതത്തിൽ മനോരോഗങ്ങൾക്കു പ്രേരകമാകുന്ന ഘടകങ്ങളെ വേർതിരിച്ചറിഞ്ഞ് പ്രതിരോധസാദ്ധ്യതയുള്ള ഘടകങ്ങളെ പരിപോഷിപ്പിക്കണം.
7. രോഗനിയന്ത്രണം, പ്രതിരോധം, ചികിത്സ, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണം.
8. സർക്കാരിന്റെ കീഴിലുള്ള പൊതുജനാരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സൈക്യാട്രിസ്റ്റുകളല്ലാത്ത ഡോക്ടർമാർക്ക് മാനസിക രോഗചികിത്സാ നിപുണത കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ കുറഞ്ഞതു 3 മാസത്തെ മനോരോഗ ചികിത്സാ പരിശീലനം നിർബന്ധമാക്കണം. മാനസികാരോഗ്യ ചികിത്സയിൽ തൽപരരായവരും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവരുമായ ഡോക്ടർമാർക്ക് സൗജന്യമായി മനോരോഗചികിത്സാ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.
9. സർക്കാർ മേഖലയിലുള്ള മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സയും പരിചരണവും ലഭ്യമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവവിഭവ ശേഷിയും വിപുലീകരിക്കണം.
10. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ നേഴ്സുമാരടക്കമുള്ള പാരാമെഡിക്കൽ ജീവനക്കാർക്ക് മാനസികാരോഗ്യത്തെക്കുറിച്ചും മനോരോഗികളുടെ മനുഷ്യാവകാശത്തെക്കുറിച്ചും ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം വർഷത്തിൽ കുറഞ്ഞതു രണ്ടുതവണ എങ്കിലും മുടങ്ങാതെ നൽകണം.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ഓ... ...ിൽ ലഭ്യമാണ്**